**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 463** **24-03-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര മാനസികാരോഗ്യ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ലോകജനസംഖ്യയിൽ 45 കോടിയോളം ജനങ്ങൾ മാനസികാരോഗ്യമില്ലായ്മ മൂലം കഷ്ടതയനുഭവിയ്ക്കുന്നതായുള്ള ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം ലോകരാജ്യങ്ങളിലൊക്കെ തന്നെയും എട്ടിൽ ഒരാൾക്ക് എന്ന നിലയ്ക്ക് മാനസികരോഗമുണ്ടെന്നാണ് പരാമർശിച്ചിരിയ്ക്കുന്നത്. ഇതിൽതന്നെ ഏറിയ പങ്കം വിഷാദവും, ഉത്കണ്ഠ രോഗങ്ങളുമാണ്. ആയതിനാൽ ബഡ്ജറ്റുകളിൽ മാനസികാരോഗ്യത്തിന് കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടെന്നും, അതിൽ തന്നെ സാമൂഹിക മാനസികാരോഗ്യ രംഗത്തിന് (Community Mental Health) പ്രാമുഖ്യം നൽകേണ്ടതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | മാനസികാരോഗ്യ പരിരക്ഷയ്ക്കും ശാരീരികാരോഗ്യ പരിരക്ഷയ്ക്കും തുല്യപ്രാധാന്യം നൽകുന്ന സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ശാരീരികാരോഗ്യത്തെ പോലെ തന്നെ മാനസികാരോഗ്യ മേഖലയ്ക്കും സർക്കാർ പ്രാധാന്യം നൽകുന്നുണ്ട്. കേരളത്തിലെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ (തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്), മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ/ജനറൽ ആശുപത്രികൾ, തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ മാനസികാരോഗ്യ ചികിത്സ (OP & IP) ലഭ്യമാണ്.<br><br>കൂടാതെ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ആഭിമുഖ്യത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വരെ മാനസികാരോഗ്യ ചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാണ്. മാനസികാരോഗ്യ ചികിത്സ പ്രാഥമികാരോഗ്യ തലത്തിൽ വരെ നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. മനോരോഗ ഔഷധചികിത്സ, മനശ്ശാസ്ത്ര ചികിത്സ, സാമൂഹ്യ-പുനരധിവാസ ചികിത്സ തുടങ്ങിയവ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന ടീമിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിലാണ് ചികിത്സയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നത്.<br><br>മാനസികാരോഗ്യത്തെക്കുറിച്ചും, രോഗലക്ഷണങ്ങളെ ക്കുറിച്ചും, ചികിത്സ സംവിധാനങ്ങളെക്കുറിച്ചുമുള്ള അവബോധം ജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (സി) | പ്രായഭേദമന്യേ മൊബൈലിനോടും മറ്റ് ഇലക്ട്രോണിക് വസ്തുക്കളോടും അമിത ആസക്തിയുള്ള ഇന്നത്തെ സമൂഹത്തിനായി സമഗ്രമായ ഒരു മാനസികാരോഗ്യ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | Adult ADHD, വ്യക്തിത്വ പ്രശ്നങ്ങൾ, വൈകാരിക പ്രശ്നങ്ങൾ തുടങ്ങിയവയുടെ ലക്ഷണങ്ങൾ ഉള്ളവർക്കാണ് കൂടുതലും മൊബൈൽ അമിതാസക്തിയ്ക്കോ, അടിമത്തത്തിനോ ഉള്ള പ്രവണത ഉണ്ടാകുന്നത്. ഇത്തരം പ്രവണതകൾ നേരത്തെ തന്നെ തിരിച്ചറിയുവാനുള്ള ബോധവൽക്കരണവും, അവ പരിഹരിക്കുവാനും, വിദഗ്ധ സഹായം ആവശ്യമുള്ളവർക്ക് ചികിത്സ നൽകുവാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടീവ് ഡിസോർ ഡർ, കണ്ടക്റ്റ് ഡിസോർഡർ, ഓപ്പോസിഷണൽ ഡിവിയന്റ് ഡിസോർഡർ, വിഷാദം, ഉത്കണ്ഠ, മൂഡ് ഡിസോർഡർ തുടങ്ങിയവയുടെ ലക്ഷണങ്ങളുള്ള കുട്ടികളിലാണ് അടിമത്തത്തിനുള്ള പ്രവണതയുണ്ടാകുന്നത്. ഇത്തരം പ്രവണതകൾ നേരത്തെ തന്നെ കണ്ടെത്തുവാനും, പരിഹരിക്കുവാനും, വിദഗ്ധ സഹായം ആവശ്യമുള്ള കുട്ടികളെ അടുത്തുള്ള മാനസികാരോഗ്യ ക്ലിനിക്കുകളിലേക്ക് എത്തിക്കുവാനുമുള്ള പരിശീലനം മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും നൽകി വരുന്നുണ്ട്.<br><br>മൊബൈൽ അമിതാസക്തിയ്ക്കെതിരെയുള്ള ബോധവൽക്കരണം വ്യാപകമാക്കുന്നതിനും ഇതിന്റെ ചികിത്സയ്ക്കായി പ്രത്യേകം ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരുന്നുണ്ട്. |
| (ഡി) | ഭാവിയിൽ വിഷാദരോഗം ഉൾപ്പെടെയുള്ള മാനസികപ്രശ്നങ്ങളുടെ ആധിക്യം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൂടുതൽ പരിഗണന ഈ മേഖലയ്ക്ക് നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>മാനസികാരോഗ്യ ചികിത്സയെ വികേന്ദ്രീകരിച്ച് തദ്ദേശ സ്ഥാപന തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കിടത്തി ചികിത്സ പരമാവധി ഒഴിവാക്കി, മാനസിക രോഗങ്ങൾ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ ചികിത്സയും തുടർ ചികിത്സയും ഉറപ്പ് വരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) ചികിത്സക്കാണ് സർക്കാർ പ്രാമുഖ്യം കൊടുക്കുന്നത്.<br><br>ഇതനുസരിച്ച് 2017-18 മുതൽ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, സൈക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലുമായി 306 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസം തോറും നടത്തിവരുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസം തോറും ലഭ്യമാകുന്നത്. മനോരോഗ ഔഷധചികിത്സ, മനശ്ശാസ്ത്ര ചികിത്സ, സാമൂഹ്യ-പുനരധിവാസ ചികിത്സ തുടങ്ങിയവ ഇത്തരത്തിൽ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. അൻപതിനായിരത്തോളം മാനസിക രോഗികൾക്ക് ഇത്തരത്തിൽ ചികിത്സയും തുടർ ചികിത്സയും ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.<br><br>ഇതിനുപുറമേ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ മാനസികാരോഗ്യപദ്ധതി സംസ്ഥാനത്ത് 636 ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ നടപ്പിലാക്കുകയുണ്ടായി. ഇതുവഴി 34,584 രോഗികളെ പുതുതായി ചികിത്സയിൽ എത്തിക്കുകയും 52,588 രോഗികൾക്ക് അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ തന്നെ തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ ‘ആശ്വാസം’-വിഷാദരോഗനിവാരണ പദ്ധതി സംസ്ഥാനത്തെ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആരംഭിക്കുകയുണ്ടായി. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് സമൂഹത്തിൽ വിഷാദരോഗമുള്ളവരെ ഹെൽത്ത് വർക്കർമാർ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രത്തിലെ പരിശീലനം ലഭിച്ച ഡോക്ടറുടെ അടുത്തേയ്ക്ക് റഫർ ചെയ്ത് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 424 ഗ്രാമപഞ്ചായത്തുകളിൽ 'ആശ്വാസം പദ്ധതി' നടപ്പിലാക്കിയത് വഴി **1,80,086** പേരെ സ്ക്രീൻ ചെയ്യുകയും, **25,017** പേർക്ക് വിഷാദ രോഗമുണ്ടെന്നു കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്തു.<br><br>ഇത്തരത്തിൽ സാമൂഹ്യ മാനസികാരോഗ്യ പരിപാടി ശാക്തീകരിക്കുവാനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ